III ഇ.ബി. XII-കേരള നിയമസഭ/IV-18

**പന്ത്രണ്ടാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നിയമസഭാ നടപടികളുടെ ചുരുക്കം**

**2007 മാർച്ച് 27, ചൊവ്വ**

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ഉന്നയിക്കുകയും (*451, *452 & *453) അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

## II അടിയന്തിര പ്രമേയം

മന്ത്രിസഭയിലെ ഒരംഗത്തെ കോടതി ശിക്ഷിക്കുകയും അറസ്റ്റ് വാറണ്ട് പുറപ്പെടുവിക്കുകയും ചെയ്തിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. വി.ഡി. സതീശനും മറ്റ് രണ്ട് അംഗങ്ങളും നോട്ടീസ് നൽകിയ അടിയന്തിര പ്രമേയത്തിന് മുഖ്യമന്ത്രി മറുപടി നൽകി.

(നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി പ്രസ്തുത വിഷയം സംബന്ധിച്ച് പ്രസ്താവന നടത്താൻ ആരംഭിച്ചെങ്കിലും പൂർത്തിയാക്കാൻ കഴിഞ്ഞില്ല.)

(പ്രതിപക്ഷാംഗങ്ങൾ ഇരിപ്പിടങ്ങൾവിട്ട് മാറിനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയത്തിന് ബഹുമാനപ്പെട്ട സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(അംഗങ്ങൾ ഇരിപ്പിടങ്ങളിലേയ്ക്ക് തിരിച്ചുപോകണമെന്ന ബഹുമാനപ്പെട്ട സ്പീക്കറുടെ അഭ്യർത്ഥന മാനിക്കാതെ അംഗങ്ങൾ ബഹളംവച്ചുകൊണ്ടിരുന്നതിനെത്തുടർന്ന് രാവിലെ 9.52–ന് നിറുത്തിവച്ച സഭ 11.55–ന് പുനരാരംഭിച്ചു.)

സഭയിലുണ്ടായ സംഭവം വളരെ ദൗർഭാഗ്യകരമാണെന്നും സഭയുടെ അന്തസ്സിനും പാർലമെന്ററി ജനാധിപത്യ മര്യാദകൾക്കും നിരക്കുന്ന രീതിയിലുള്ളതായിരുന്നില്ലെന്നും ഇരുഭാഗത്തുമുള്ള അംഗങ്ങൾ സംയമനം പാലിക്കേണ്ടതായിരുന്നുവെന്നും സഭയുടെ വെല്ലിലേയ്ക്ക് ഇറങ്ങുന്ന സംഭവങ്ങൾ ഒരു കാരണവശാലും ഉണ്ടാകാൻ പാടില്ലാത്തതാണെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാൻ ഇടവരരുതെന്നും സഭയിലുണ്ടായ സംഭവങ്ങൾ സംബന്ധിച്ച് ഇരു ഭാഗത്തുനിന്നും പരാതി ലഭിച്ചിട്ടുണ്ടെന്നും സഭാനടപടികളും വീഡിയോ ക്ളിപ്പിംഗും പരിശോധിച്ച് ആവശ്യമായ

നടപടികൾ സ്വീകരിക്കുന്നതാണെന്നും അടിയന്തിര പ്രമേയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞതിനുശേഷം സഭയുടെ അന്തരീക്ഷത്തിൽ മാറ്റമുണ്ടാകാനുള്ള കാരണം ബഹുമാനപ്പെട്ട നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രിയെ സംസാരിക്കാൻ അനുവദിക്കാത്തതാണെന്നും ഈവക കാര്യങ്ങളെല്ലാംതന്നെ ഭരണ-പ്രതിപക്ഷകക്ഷി നേതാക്കളുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിലാണ് വീണ്ടും സഭ തുടരാൻ തീരുമാനമെടുത്തതെന്നും അതിന്റെ ഭാഗമായി ബഹുമാനപ്പെട്ട നിയമ വകുപ്പു മന്ത്രി പറയാൻ ഉദ്ദേശിച്ച കാര്യത്തെ സംബന്ധിച്ച് ഒരു ചെറുവിവരണം നൽകുകയും അതുസംബന്ധിച്ച് ചെയറിന്റെ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തതിനുശേഷം അടിയന്തിരപ്രമേയം കഴിഞ്ഞുള്ള സഭാനടപടികളിലേയ്ക്ക് പ്രവേശിക്കാമെന്നും എല്ലാ അംഗങ്ങളും സഹകരിക്കണമെന്നും ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

സഭയിലെ അംഗങ്ങളായ പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ശ്രീ. എ.കെ. ബാലന്റെ പേരിലും ശ്രീ. എം. ചന്ദ്രൻ എം.എൽ.എ. യുടെ പേരിലും നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുന്ന സമയത്ത് കോടതി ശിക്ഷാവിധിയും അറസ്റ്റ് വാറണ്ടും പുറപ്പെടുവിച്ചത് സഭയുടെ അവകാശങ്ങളോടുള്ള കടന്നുകയറ്റമാണെന്നും അക്കാര്യത്തിൽ സ്പീക്കറാണ് നിലപാടെടുക്കേണ്ടതെന്നും നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി വ്യക്തമാക്കി.

പ്രസ്തുത വിഷയം ഡീറ്റെയിലായിട്ട് ചർച്ച ചെയ്യുന്നതാണെന്ന് ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

കോടതി ശിക്ഷിക്കപ്പെട്ട മന്ത്രി മന്ത്രിസഭയിൽ തുടരുന്നതിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോവുകയും അൽപ സമയത്തിനുള്ളിൽ വീണ്ടും ഹാജരാവുകയും ചെയ്തു.

**III ശ്രദ്ധ ക്ഷണിക്കൽ**

(1) നീതി മെഡിക്കൽ സ്റ്റോറുകളിലും ഗവൺമെന്റ് ആശുപത്രികളിലും ജീവൻരക്ഷാ മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. പി. ജയരാജൻ ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു

(2) മുസ്ലീം സമുദായത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മുഖ്യമന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

**IV സബ്മിഷൻ**

രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി കേന്ദ്ര ഗവൺമെന്റിന് കൈമാറുന്നതു സംബന്ധിച്ച ഫയലിൽ മാറ്റം വന്നത് സംബന്ധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻചാണ്ടി ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

## V തിരുത്ത്

(1) പന്ത്രണ്ടാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിൽ 20–3–2007–ൽ ഉത്തരം നൽകിയ നക്ഷത്രചിനമിടാത്ത 2284–ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

(2) പന്ത്രണ്ടാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിൽ 6–3–2007–ൽ ഉത്തരം നൽകിയ നക്ഷത്രചിഹ്നമിടാത്ത 316–ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മേശപ്പുറത്തു വച്ചു.

## VI റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(1) 2007–ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിനേയും 2007–ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലിനേയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പേർട്ടുകൾ

(2) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ

(3) ഹർജികൾ സംബന്ധിച്ച സമിതിയുടെ മൂന്നും നാലും റിപ്പോർട്ടുകൾ

## VII ക്രമപ്രശ്നം

നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ കരട് വന നയം സഭയ്ക്കുപുറത്ത് പ്രഖ്യാപിച്ചത് സംബന്ധിച്ച് റൂളിംഗ് നൽകണമെന്ന് ശ്രീ. കെ. ബാബു ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടു.

21.3.2007 ലോക വനം ദിനമായിരുന്നതിനാൽ കേരളത്തിലെ വന നയത്തിന്റെ കരട് രേഖയാണ് പൊതുജനങ്ങൾക്ക് സമർപ്പിച്ചതെന്നും പൂർണ്ണ നയം സഭയിൽത്തന്നെയായിരിക്കും പ്രഖ്യാപിക്കുകയെന്നും വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി അറിയിച്ചു.

സഭ നടന്നുകൊണ്ടിരിക്കുമ്പോൾ നയപരമായ കാര്യങ്ങൾ ആദ്യം സഭയിൽത്തന്നെ ചർച്ച ചെയ്യേണ്ടതാണെന്ന് 22.3.2007-ന് റൂളിംഗ് നൽകിയിട്ടുണ്ടെന്നും ഇക്കാര്യത്തിൽ തർക്കമില്ലെന്നും റൂൾ 300 അനുസരിച്ച് ഒരു സ്റ്റേറ്റുമെന്റ് സഭയിൽ അവതരിപ്പിച്ചതിനുശേഷം ചർച്ചയാകാമായിരുന്നുവെന്നും മുമ്പ് നൽകിയ റൂളിംഗ്തന്നെ ആവർത്തിക്കുന്നുവെന്നും ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

## VIII സ്റ്റേറ്റ്മെന്റ്

. "ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ നിയമനിർമ്മാണ സഭയും കോടതിയും തമ്മിൽ പരസ്പരം ബഹുമാനവും ധാരണയും നിലനിർത്തി പ്രവൃത്തിക്കേണ്ടത് അത്യാവശ്യമാണ്. നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സഭാനടപടികളിൽ പങ്കെടുക്കേണ്ട മന്ത്രിയോ അംഗമോ ആ കാരണം കാണിച്ച് നേരിട്ട് ഹാജരാകുന്നതിൽനിന്ന് ഒഴിവാക്കണമെന്ന് അപേക്ഷിച്ചാൽ ആ അപേക്ഷ നിരസിക്കുകയും അറസ്റ്റ് വാറണ്ട് പുറപ്പെടുവിക്കുകയും ചെയ്യുന്നത് സഭയോടുള്ള അനാദരവും സഭയുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനവുമായി സഭ കരുതുന്നു. അതിനാൽ ഇക്കാര്യം രാഷ്ട്രപതി, സുപ്രീംകോടതി ചീഫ് ജസ്റ്റീസ്, ലോക്സഭാ സ്പീക്കർ, സംസ്ഥാന ഗവർണ്ണർ, കേരളാ ഹൈക്കോടതി ചീഫ് ജസ്റ്റിസ് എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണെന്ന് ഈ സഭ

തീരുമാനിക്കുന്നു." എന്ന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സ്റ്റേറ്റ്മെന്റ് നടത്തി.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി ഇങ്ങനെ പ്രമേയരൂപത്തിലുള്ള സ്റ്റേറ്റുമെന്റ് കൊണ്ടുവരേണ്ടതില്ലായിരുന്നുവെന്നും ക്രിമിനൽ പ്രൊസീഡുവറൽ കോഡ് അനുസരിച്ച് ഫൈൻ അല്ലാത്ത കേസ്സുകളിൽ പ്രതി ഹാജരാകണമെന്ന നിയമം നിലനിൽക്കുമ്പോൾ പ്രതി കോടതിയെ സമീപിച്ച് അവധി വാങ്ങുന്നതിനുപകരം അറസ്റ്റ് വാറണ്ട് ഇഷ്യൂ ചെയ്യുന്ന പ്രത്യേക സാഹചര്യമുണ്ടാക്കിയശേഷം കോടതി തെറ്റുചെയ്തുവെന്ന നിലയിൽ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് ഇൻഡ്യൻ പ്രസിഡന്റ് ഇതിനെക്കുറിച്ച് പര്യാലോചിക്കണമെന്ന നിലയിൽ പ്രമേയം കൊണ്ടുവന്നത് ഈ ഹൗസിന്റെ ഡിഗ്നിറ്റിക്ക് ചേർന്നതല്ലെന്നും ജനാധിപത്യത്തിൽ നിയമസഭയും കോടതിയും എക്സിക്യൂട്ടീവും പരസ്പരം ബഹുമാനിക്കുകയാണ് വേണ്ടതെന്നും പ്രമേയത്തെ എതിർക്കുന്നുവെന്നും ശ്രീ. കെ.എം. മാണി അഭിപായപ്പെട്ടു.

നിയമസഭാസമ്മേളനം നടക്കുന്നതിനാൽ കോടതിയിൽ ഹാജരാകാൻ പറ്റില്ലെന്ന് അറിയിച്ചുകൊണ്ടുള്ള അപേക്ഷ കൊടുത്തിട്ടും കോടതി അംഗീകരിക്കാതെ വാറന്റ് പുറപ്പെടുവിച്ചതു സംബന്ധിച്ച് പ്രതിപക്ഷ നേതാവിന്റെ അഭിപ്രായം അറിയിക്കണമെന്ന് ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി ആവശ്യപ്പെട്ടു.

**(സർവ്വശ്രീ. വി.ഡി. സതീശൻ, പി.സി. ജോർജ്, കെ.സി. ജോസഫ്, പി. ജയരാജൻ എന്നീ അംഗങ്ങളും ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി, ജലവിഭവ വകുപ്പുമന്ത്രി എന്നിവരും സംസാരിച്ചു.)**

സ്പീക്കറുടെ ചേംബറിൽ നടത്തിയ ചർച്ചയിൽ പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഒരു പ്രസ്താവന നടത്തുമെന്നല്ലാതെ പ്രമേയ രൂപത്തിൽ ഒരു സ്റ്റേറ്റ്മെന്റ് അവതരിപ്പിക്കുമെന്ന് പറഞ്ഞിട്ടില്ലെന്നും പ്രതിപക്ഷവുമായി ആലോചിച്ചിട്ടാണ് പ്രമേയം കൊണ്ടുവരേണ്ടതെന്നും ജുഡീഷ്യറി, എക്സിക്യൂട്ടീവ്, ലെജിസ്ലേച്ചർ എന്നിവ തമ്മിൽ ഏറ്റുമുട്ടുന്ന സാഹചര്യം ശരിയല്ലെന്നും കോടതി വാറന്റ് ഇഷ്യൂ ചെയ്താൽ അത് നടപ്പിലാക്കേണ്ടത് പോലീസാണെന്നും ആയതിനാൽ ഇത്തരത്തിൽ ഒരു പ്രമേയത്തിന്റെ ആവശ്യമില്ലെന്നും കോടതി ഉത്തരവ് തൽക്കാലം നടപ്പിലാക്കേണ്ടതില്ലെന്ന് പോലീസിന് നിർദ്ദേശം കൊടുത്താൽ മതിയെന്നും പ്രതിപക്ഷനേതാവ് ശ്രീ.ഉമ്മൻ ചാണ്ടി അഭിപ്രായപ്പെട്ടു.

പ്രമേയം സർക്കുലേറ്റ് ചെയ്തും ചെയ്യാതെയും സഭയിൽ ചർച്ച നടന്നിട്ടുണ്ടെന്നും പ്രത്യേക സന്ദർഭങ്ങളിൽ ഗവൺമെന്റിന് പ്രമേയം കൊണ്ടു വരാമെന്നും ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

പ്രമേയത്തിന്മേൽ ഏകകണ്ഠമായ തീരുമാനം എടുക്കുന്നതാണ് നല്ലതെന്നും ജുഡീഷ്യറി, എക്സിക്യൂട്ടീവ്, ലെജിസ്ലേച്ചർ എന്നിവ പരസ്പര ധാരണയോടുകൂടി പോകാനും ലെജിസ്ലേച്ചറിന്റെ അന്തസ്സ് ഉയർത്തി പ്പിടിക്കാനുമുള്ള സമീപനം ആവശ്യമാണെന്നും സമയമെടുത്ത് ചർച്ച ചെയ്യാനായി മാറ്റിവയ്ക്കാമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കി

. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രമേയം തൽക്കാലം മാറ്റിവയ്ക്കുന്നതായി ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

## IX **നിയമനിർമ്മാണകാര്യം**

### (1) 2007-ലെ കേരള ധനകാര്യ ബില്ലിന്റേയും 2007-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലിന്റേയും അവതരണം

2007-ലെ കേരള ധനകാര്യ ബില്ലും 2007-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചു.

ശ്രീ. കെ.എം. മാണി ഉന്നയിച്ച തടസവാദങ്ങൾ ധനകാര്യ വകുപ്പു മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നിലനിൽക്കുന്നതല്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകി.

### (2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(1) 2007-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമ സെസ്സ് ബിൽ

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമ സെസ്സ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം തൊഴിലും എക്സൈസും വകുപ്പുമന്ത്രി അവതരിപ്പിച്ചു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങി.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007–ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമ സെസ്സ് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന് ശ്രീ. സി.കെ.പി. പത്മനാഭനും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് ശ്രീ. തോമസ് ഉണ്ണിയാടനും ഭേദഗതികൾ അവതരിപ്പിച്ചു കൊണ്ട് സംസാരിച്ചു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

ബില്ലിന്റെ വകുപ്പുതിരിച്ചുള്ള പരിഗണനാവേളയിൽ മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും അംഗങ്ങൾ അവതരിപ്പിച്ച ചില ഭേദഗതികളും സഭ അംഗീകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007–ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമ സെസ്സ് ബിൽ പാസ്സാക്കണമെന്ന പ്രമേയം തൊഴിലും എക്സൈസും വകുപ്പുമന്ത്രി അവതരിപ്പിച്ചു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങി

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007–ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമ സെസ്സ് ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

(2) <u>2007–ലെ കേരള പബ്ലിക് അക്കൗണ്ടന്റ്സ് (ഭേദഗതി) ബിൽ</u>

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007–ലെ കേരള പബ്ലിക് അക്കൗണ്ടന്റ്സ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം റവന്യൂ വകുപ്പുമന്ത്രി അവതരിപ്പിച്ചു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങി.

ശ്രീ. ടി.എൻ. പ്രതാപൻ വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് സംസാരിച്ചു.

2007–ലെ കേരള പബ്ലിക് അക്കൗണ്ടന്റ്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന് ശ്രീ. സി.എച്ച്. കുഞ്ഞമ്പുവും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് ശ്രീമതി ജെ. അരുന്ധതിയും ഭേദഗതികൾ അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചു.

റവന്യൂ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

ബില്ലിന്റെ വകുപ്പുതിരിച്ചുള്ള പരിഗണനാവേളയിൽ മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ഒരംഗം അവതരിപ്പിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007–ലെ കേരള പബ്ലിക് അക്കൗണ്ടന്റ്സ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം റവന്യൂ വകുപ്പുമന്ത്രി അവതരിപ്പിച്ചു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങി.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007–ലെ കേരള പബ്ളിക് അക്കൗണ്ടന്റ്സ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

## X പ്രമേയം

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി രാവിലെ അവതരിപ്പിച്ച സ്റ്റേറ്റ്മെന്റ് രൂപേണയുള്ള പ്രമേയത്തെ സംബന്ധിച്ച് ഒരു അഭിപ്രായ സമന്വയം ഉണ്ടാക്കി എല്ലാവർക്കും യോജിക്കാൻ പറ്റുന്ന ഒരു പ്രമേയമാക്കി മാറ്റാൻ ശ്രമിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് മാറ്റിവച്ചതെന്നും അക്കാര്യത്തിൽ പ്രതിപക്ഷത്തിന് വിയോജിപ്പുണ്ടെങ്കിൽ റൂൾ 298 അനുസരിച്ച് ബഹുമാനപ്പെട്ട സ്പീക്കർക്ക് തീരുമാനമെടുക്കാമെന്നും ചർച്ചയുടെ ആവശ്യമില്ലെന്നും അതിന്റെ അടിസ്ഥാനത്തിൽ സഭയുടെ ഭൂരിപക്ഷ പ്രകാരം പ്രമേയം പാസ്സാക്കണമെന്നും ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ആവശ്യപ്പെട്ടു.

സാധാരണഗതിയിൽ ഇത്തരമൊരു പ്രമേയം അവതരിപ്പിക്കുന്നതിനു മുമ്പ് പ്രതിപക്ഷവുമായി ആലോചിച്ച് ഒരു ധാരണയിലെത്താറുണ്ടെന്നും ഇക്കാര്യത്തിൽ അങ്ങനെയുണ്ടായിട്ടില്ലെന്നും റെസല്യൂഷൻ അവതരിപ്പിച്ചു കഴിഞ്ഞാൽ പ്രതിപക്ഷത്തിന് അമെന്റ്മെന്റുണ്ടാകുമെന്നും ഇപ്പോൾ

ഫ്ളോറിൽ പ്രമേയമില്ലെന്നും അതുകൊണ്ട് ചട്ടവിരുദ്ധമായി ഭൂരിപക്ഷം ഉപയോഗിച്ച് പാസ്സാക്കുന്നത് ശരിയല്ലെന്നും ശ്രീ. ജി. കാർത്തികേയൻ അഭിപ്രായപ്പെട്ടു.

പ്രമേയം എന്താണെന്നുള്ളതിന്റെ സത്ത അത് സർക്കുലേറ്റ് ചെയ്യാത്തിട ത്തോളംകാലം അറിയില്ലെന്നും ദുരൂഹതയിൽ നിൽക്കുന്ന ഒരു പ്രമേയം പാസ്സാക്കുന്നത് ശരിയല്ലെന്നും പ്രമേയം എന്താണെന്ന് പ്രതിപക്ഷത്തിന് അറിയണമെന്നും സാധാരണ പ്രമേയം അവതരിപ്പിച്ചുകഴിഞ്ഞാൽ അമെന്റ്മെന്റുണ്ടാകുമെന്നും അതിനാൽ പ്രമേയം സർക്കുലേറ്റ് ചെയ്യാതെ പ്രമേയമാണെന്ന ഭാവേന ഏകപക്ഷീയമായി ഇത് സഭയിൽ കൊണ്ടുവന്ന് പാസ്സാക്കുന്നത് ശരിയല്ലെന്നും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയം 48 വോട്ടുകളോടെ സഭ പാസ്സാക്കി.

2007 മാർച്ച് 28–ാം തീയതി ബുധനാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 3.53 –ന് പിരിഞ്ഞു.

..............